## പൂളക്കുണ്ടൻ കുട്ടിഹസൻ



**ചിലരങ്ങനെയാണ്.** പ്രസ്ഥാനത്തിന്റെ മുൻനിരയിലോ നേതൃരംഗത്തോ അവരെക്കാണില്ല. എന്നാൽ നിശ്ശബ്ദമായി ഏറ്റവും താഴെ തട്ടിൽ പ്രവർത്തകർക്ക് താങ്ങും തണലുമായി ഊർജം പകരും. അവരിലൂടെയായിരിക്കും ഒരു പക്ഷേ പ്രസ്ഥാനം താഴെ തട്ടിൽ വേര് പിടിക്കുന്നത്. അങ്ങനെയുള്ള നിഷ്കാമകർമിയായ വ്യക്തിയായിരുന്നു പൂളക്കുണ്ടൻ കുട്ടിഹസൻ സാഹിബ്. മലപ്പുറം കുഴിപ്പുറത്ത് വേരുകളുള്ള പൂളക്കുണ്ടൻ കുഞ്ഞിപ്പോക്കരുടെ മകനായി 1955 നവംബർ 7-ന് കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിൽ ജനിച്ച കുട്ടിഹസൻ സാഹിബ് 1980-ൽ മഞ്ചേരിയിൽ ജില്ലാ കോടതിയിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് പട്ടികവർഗ വികസന വകുപ്പിലേക്ക് മാറി. നീണ്ട 31 വർഷത്തെ സേവനത്തിന് ശേഷം 2011-ൽ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറായി നിലമ്പൂരിൽ നിന്ന് വിരമിച്ചു.

പട്ടികവർഗ വികസന വകുപ്പിൽ തനിക്ക് ലഭിച്ച ഉന്നതോദ്യോഗം എങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ നന്മക്കും ഉയർച്ചക്കും ഉപയോഗിക്കാമെന്ന് പ്രായോഗികമായി കാണിച്ചുകൊടുത്തു. കോരിച്ചൊരിയുന്ന മഴ വകവെക്കാതെ വറുതിയുടെ നാളുകളിൽ ഉൾവനങ്ങളിലേക്ക് ഭക്ഷണവും മരുന്നും ചുമന്ന് ഒരു സന്നദ്ധ സേവകനായാണ് അദ്ദേഹം പലപ്പോഴും തന്റെ ജോലിയോടുള്ള കൂറ് തെളിയിച്ചത്. അതുകൊണ്ടു തന്നെ ആദിവാസികൾക്ക് അദ്ദേഹം ഒരു രക്ഷിതാവായിരുന്നു. മർഹൂം കെ.എം സുലൈമാൻ സാഹിബിന്റെ നേതൃത്വത്തിൽ മലപ്പുറം കാളമ്പാടിയിൽ ജമാഅത്ത് പ്രവർത്തനം തുടങ്ങിയ തൊണ്ണൂറുകളുടെ ആദ്യത്തിൽ തന്നെയാണ് കുട്ടിഹസൻ സാഹിബും കുടുംബവും അവിടെ സ്ഥിരതാമസമാക്കുന്നത്. പ്രസ്ഥാനത്തിന്റെയും അനുബന്ധ സംഘടനകളുടെയും പരിപാടികളിൽ സ്ഥിര സാന്നിധ്യമായിരുന്നു. പ്രസ്ഥാന സാഹിത്യങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രചാരണത്തിനും പ്രവർത്തിച്ചു. ഭാര്യയും മൂന്ന് പെൺമക്കളുമാണ് അദ്ദേഹത്തിനുള്ളത്.

**സി.എച്ച് മുഹമ്മദ് മുസ്തഫ, മലപ്പുറം**

---

## കടക്കാടൻ ബീരാൻ



**ചേങ്ങോട്ടൂർ** ഹൽഖയിലെ ജമാഅത്ത് അംഗവും ആദ്യകാല പ്രവർത്തകനുമായിരുന്നു കടക്കാടൻ ബീരാൻ. പ്രദേശത്തെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നിരന്തരം ശബ്ദിച്ചിരുന്ന അദ്ദേഹം നാടിന്റെ പ്രാസ്ഥാനിക ആവേശമായിരുന്നു. പ്രവർത്തനങ്ങളിലെ ധീരതയും തിന്മകളോടുള്ള കാർക്കശ്യ നിലപാടും അദ്ദേഹത്തെ നാട്ടുകാർക്ക് ഏറെ വേണ്ടപ്പെട്ടവനാക്കി മാറ്റി.

പ്രസ്ഥാനത്തിലേക്കുള്ള അദ്ദേഹത്തിന്റെ വരവ് പോലും ആവേശകരമായ അനുഭവമായിരുന്നു. പണ്ഡിതന്മാരും നാട്ടുകാരും ജമാഅത്ത് പ്രവർത്തകരെ നരകവാസികളായി മുദ്ര കുത്തിയിരുന്ന കാലമായിരുന്നു അത്. പ്രസ്ഥാന പ്രവർത്തകർക്ക് സ്വന്തം വീട്ടിൽ പോലും കയറുവാൻ അനുവാദമില്ലാത്ത ആ കാലത്ത് ചേങ്ങോട്ടൂർ മേഖലയിൽ പ്രസ്ഥാനം ഒരു വഅദ് പരമ്പര സംഘടിപ്പിച്ചു. അക്കാലത്തെ ഉജ്ജ്വല വാഗ്മി ആയിരുന്ന കെ.ടി അബ്ദുപ്പു മൗലവി പ്രസംഗിച്ചുകൊണ്ടിരിക്കെ സദസ്സിലുണ്ടായിരുന്ന ചിലർ യോഗം അലങ്കോലപ്പെടുത്തുവാൻ കല്ലെറിഞ്ഞു. നാട്ടിൽ വലിയ ശക്തിയും സ്വാധീനവുമൊന്നുമില്ലാത്ത ജമാഅത്ത് പ്രവർത്തകർക്ക് അവരെ നിയന്ത്രിക്കാൻ കഴിയുമായിരുന്നില്ല. പെട്ടെന്ന് സദസ്സിൽനിന്ന് ഒരു ആക്രോശം! എല്ലാവരും നിശ്ശബ്ദരായിരുന്നു. നാട്ടിലെ സജീവ കമ്മ്യൂണിസ്റ്റ് പ്രവർത്തകനും അവരുടെ നേതാക്കളിൽ ഒരാളുമായിരുന്ന ബീരാൻക്കയുടേതായിരുന്നു ആ ശബ്ദം. യോഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ചവരെ നിമിഷ നേരം കൊണ്ട് സ്വതസിദ്ധമായ ശൈലിയിൽ നിയന്ത്രിച്ചിരുത്തി പ്രസംഗം തുടരാൻ അനുവദിച്ചു. സദസ്സിനെ നിയന്ത്രിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന ജമാഅത്ത് പ്രവർത്തകർക്ക് വലിയ ആശ്വാസമായിരുന്നു അന്നത്തെ അദ്ദേഹത്തിന്റെ ആ ഇടപെടൽ. പിന്നീടദ്ദേഹം പ്രസ്ഥാനവുമായി സഹകരിച്ച് പ്രവർത്തിച്ചു. അത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ചക്ക് മുതൽകൂട്ടായി. അദ്ദേഹത്തിന്റെ സാന്നിധ്യം എതിരാളികളെ നിശ്ശബ്ദരാക്കി.

സജീവ പ്രവർത്തനങ്ങൾക്ക് ആരോഗ്യം അനുവദിക്കാതായപ്പോൾ സമ്പത്ത് കൊണ്ടും അവശ്യ സാധനങ്ങൾ നൽകിയും ഇസ്‌ലാമിക പ്രസ്ഥാനത്തെ മരണം വരെയും സഹായിച്ചുകൊണ്ടേയിരുന്നു ആ മഹാ മനസ്കൻ.

**അബൂ മുർസി ചൂനൂർ**

## ജമീല കറുത്തേടത്ത്

**വെസ്റ്റ്** ചേന്ദമംഗല്ലൂർ വനിത ഹൽഖയിലെ സജീവ പ്രവർത്തകയായിരുന്നു കറുത്തേടത്ത് ജമീല (63). ഖുർആനെ ജീവിതത്തിൽ കൊണ്ടുനടക്കുകയും ഖുർആൻ മനഃപാഠമാക്കുകയും ചെയ്യുന്നതിൽ പുലർത്തിയ കണിശത ജീവിതാന്ത്യം വരെ തുടർന്ന അവർ മരിക്കുന്നതിന് തലേ ദിവസം രാത്രി വീട്ടിൽചെന്നപ്പോഴും സംസാരം ഖുർആനെപ്പറ്റി തന്നെയായിരുന്നു. മാരകമായ അസുഖമാണ് തന്നെ കാർന്നു തിന്നതെന്ന് പൂർണ ബോധ്യമുണ്ടായിട്ടും ഹൽഖ പ്രവർത്തകരെയും അയൽവാസികളെയും മനസ്സാന്നിധ്യത്തോടെയായിരുന്നു സ്വീകരിച്ചിരുന്നത്. ജീവിതത്തിൽ ഭർത്താവ് ഇബ്റാഹീം പുലർത്തിയ കണിശത ഭാര്യയായ ജമീലയും ഏറ്റുവാങ്ങുകയായിരുന്നു. മുഴുവൻ പെൺമക്കളായിരുന്നു. അവരെ ഇസ്‌ലാമിക ജീവിതവും പെരുമാറ്റ രീതികളും പഠിപ്പിക്കാൻ അവർ പ്രത്യേകം ശ്രദ്ധവെച്ചു.

**എൻ.പി അബ്ദുൽ കരീം**

---

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*